**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:139** | **27.02.2017-ൽ മറുപടിക്ക്**

## യു.എ.പി.എ കേസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ടി.എ. റഹീം | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം യു.എ.പി.എ ചുമത്തി പ്രഥമ വിവര റിപ്പോർട്ട് സമർപ്പിച്ചത് ഏതെല്ലാം കേസുകളിലാണ് ; | (എ) 26 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം (എ)യിൽ ചേർത്തിരിക്കുന്നു. |
| (ബി) പ്രസ്തുത കാലയളവിൽ എടുത്ത യു.എ.പി.എ കേസുകളിൽ എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; | (ബി) 27 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (സി) യു.എ.പി.എ കേസുകൾ പുന:പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരം കേസുകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (സി) യു.എ.പി.എ ചുമത്തപ്പെട്ട 41 കേസ്സുകൾ അവലോകനം ചെയ്തതിൽ ടി കേസ്സുകളിൽ യു.എ.പി.എ ചുമത്തിയതിൽ ചില അവ്യക്തതകൾ ഉണ്ട്. ഇത് സംബന്ധിച്ച റിപ്പോർട്ടുകൾ കോടതിയിലേയ്ക്ക് സമർപ്പിച്ചതിന് ശേഷം ബന്ധപ്പെട്ട കേസ്സുകളിൽ നിന്നും യു.എ.പി.എ ഒഴിവാക്കുന്നതിനുള്ള അനുവാദം നൽകേണ്ടത് കോടതിയാണ്. |
| (ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് യു.എ.പി.എ പ്രകാരം എത്ര എഫ്.ഐ.ആർ കളാണ് രജിസ്റ്റർ ചെയ്തിരുന്നത് ; ഇവ ഏതെല്ലാമാണെന്നും ഇവയിൽ എത്ര എണ്ണത്തിലാണ് കുറ്റപത്രം സമർപ്പിച്ചതെന്നും വ്യക്തമാക്കാമോ ? | (ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് യു.എ.പി.എ പ്രകാരം 165 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയിൽ 4 കേസുകളിൽ നിന്നും യു.എ.പി.എ പ്രകാരമുള്ള വകുപ്പുകൾ നീക്കം ചെയ്തിട്ടുണ്ട്. കേസ്സുകളുടെ വിശദ വിവരം അനുബന്ധം (ബി) ആയി ചേർത്തിട്ടുണ്ട്. ഇവയിൽ 29 കേസ്സുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**